# കേരള സ്ക്കൂൾ കലോൽസവം 2009-10

## സോഫ്റ്റ്വെയർ യൂസർഗൈഡ്

വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് സ്വതന്ത്ര സോഫ്ട്വെയർ ഉപയോഗിക്കുന്നതിന്റെ ഭാഗമായി, സ്കൂൾ കലോത്സവ നടത്തിപ്പും ഇത്തവണ സ്വതന്ത്ര സോഫ്റ്റ്വെയർ അധിഷ്ഠിതമാക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. നിലവിൽനിന്ന് വ്യത്യസ്തമായി സ്കൂൾതല മത്സരങ്ങളിൽനിന്നും വിജയികളാകുന്ന കുട്ടികളെ സംബന്ധിച്ച വിവരം ഓൺലൈനായി എന്റർ ചെയ്യേണ്ടതാണ്. ഇതിനായി ഓരോ ഉപജില്ലാതലത്തിലും വളരെ വ്യക്തമായ ആസൂത്രണം നടത്തേണ്ടതുണ്ട്. എല്ലാ ലോവർ പ്രൈമറി വിദ്യാലയങ്ങളിലും അതിവേഗ ഇന്റർനെറ്റ് സംവിധാനം ലഭ്യമല്ലാത്തതിനാൽ ഓൺലൈൻ ഡാറ്റാ എൻട്രിക്കായി എ.ഇ.ഒ തലത്തിൽ സ്ക്കൂളുകളെ ക്ലസ്റ്റർ ചെയ്യേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസ ഉപജില്ലയിലെ തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകൾ ഡാറ്റാ എൻട്രിക്കായുള്ള നോഡൽ സെന്ററുകൾ ആയിരിക്കും. ഓരോ നോഡൽ സെന്ററിലും ഡാറ്റാ എൻട്രി നടത്തേണ്ടുന്ന സ്കൂൾ ഏതെന്ന്, ഉപജില്ലാതലത്തിൽ കലോത്സവത്തെക്കുറിച്ച് ആലോചിക്കുന്നതിനായി ചേരുന്ന യോഗത്തിൽ തീരുമാനിക്കും.

ഓരോ സ്കൂളും തങ്ങളുടെ നോഡൽ സെന്ററിൽ ആണ് ഡാറ്റാ എൻട്രിക്കായി പ്രവേശന ഫാറം എത്തിക്കേണ്ടത്. ഇവിടെ ഡാറ്റാ ഓൺലൈനായി എന്റർ ചെയ്ത ശേഷം എന്റർ ചെയ്ത വിവരങ്ങൾ സംബന്ധിച്ച പ്രിന്റൗട്ട് ലഭ്യമാകും. ഈ പ്രിന്റൗട്ട് ഓരോ സ്കൂൾ ഹെഡ്മാസ്റ്റർമാരും പരിശോധിച്ച് ശരിയാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്തെങ്കിലും തിരുത്തലുകൾ ആവശ്യമെങ്കിൽ പ്രിന്റൗട്ടിൽ രേഖപ്പെടുത്തി, നോഡൽ സെന്ററിൽ ഈ തിരുത്തലുകൾ വരുത്തിയശേഷം വീണ്ടും പ്രിന്റൗട്ടുകൾ എടുക്കുകയും, എന്റർ ചെയ്ത വിവരങ്ങൾ ശരിയാണെന്ന് ഹെഡ്മാസ്റ്റർ സാക്ഷ്യപ്പെടുത്തുകയും വേണം. എല്ലാ നോഡൽ സെന്ററിൽ നിന്നും ഹെഡ്മാസ്റ്റർ സാക്ഷ്യപ്പെടുത്തിയ പ്രവേശന ഫാറത്തിന്റെ പ്രിന്റൗട്ട് എ.ഇ.ഒ ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.

സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബ്രൗസറിന്റെ അഡ്രസ് ബാറിൽ www.schoolkalolsavam.in/kalolsavam എന്ന് ടൈപ്പുചെയ്ത് എന്റർ അമർത്തുമ്പോൾ Login പേജ് ലഭിക്കും. ഇതിൽ സബ്ജില്ലയിൽനിന്നും ലഭിക്കുന്ന ക്ലസ്റ്റർ യൂസർനെയിം, പാസ്‌വേർഡ് എന്നിവ നൽകി login ചെയ്യുക.




അപ്പോൾ ലഭിക്കുന്ന പേജിൽ പാസ്‌വേർഡ് നിർബന്ധമായും മാറ്റേണ്ടതാണ്. ക്ലസ്റ്റർ യൂസറുടെ പേര്, മൊബൈൽ നമ്പർ, ഇ-മെയിൽ വിലാസം എന്നിവ രേഖപ്പെടുത്തി പാസ്‌വേർഡ് മാറ്റുക.



ഇപ്പോൾ ലഭിക്കുന്നത് ഹോംപേജ് ആയിരിക്കും. ഇതിൽ നിങ്ങളുടെ ക്ലസ്റ്ററിൽ ഡാറ്റാ എൻട്രി നടത്തേണ്ടുന്ന വിദ്യാലയങ്ങളുടെ പേര്, കോഡ് എന്നിവ കാണാവുന്നതാണ്. ഇതിന്റെ പ്രിന്റൗട്ടും ലഭ്യമാണ്.




## Home Menu

ഏത് അവസരത്തിലും യൂസർക്ക് ഈ മെനുവിൽനിന്നും പാസ്‌വേർഡ് മാറ്റാൻ കഴിയും.

## Registration

ഈ മെനുവിലെ സ്കൂൾ എൻട്രി എന്ന സബ്മെനുവിൽ നിന്ന് ഡാറ്റാ എൻട്രി ആരംഭിക്കാവുന്നതാണ്.



(ഹോം മെനുവിൽ ലഭിക്കുന്ന സ്കൂളിന്റെ പേരിൽ നേരിട്ട് ക്ലിക്ക് ചെയ്തും ഡാറ്റാ എൻട്രി നടത്താവുന്നതാണ്). ക്ലസ്റ്ററിൽ അനുവദിച്ചിരിക്കുന്ന ഏതെങ്കിലും വിദ്യാലയത്തിന്റെ കോഡ് എന്റർ ടാബ് ബട്ടൺ അമർത്തുമ്പോൾ സ്കൂളിന്റെ പേര് ദൃശ്യമാകും. തുടർന്ന് തന്നിരിക്കുന്ന ഫോമിൽ ആവശ്യമായ വിവരങ്ങൾ എന്റർ ചെയ്യുക. ഒന്നിലധികം ടീം മാനേജർമാരെ ചേർക്കുന്നതിന് Add New എന്ന ലിങ്കിൽ ക്ലിക്ക് ചെയ്താൽ മതിയാകും. തുടർന്ന് Continue ബട്ടൺ അമർത്തിയാൽ പ്രവേശന ഫാറത്തിലെ വിവരങ്ങൾ എന്റർ ചെയ്യുന്നതിനുള്ള ഭാഗം ദൃശ്യമാകും. **ഹയർ സെക്കണ്ടറി വിഭാഗത്തിലെ കുട്ടികളാണെങ്കിൽ അഡ്മിഷൻ നമ്പറിന് മുമ്പ് H എന്നും വൊക്കേഷണൽ ഹയർ സെക്കണ്ടറി യിലെ കുട്ടികൾ ആണെങ്കിൽ V എന്നും നൽകണം.** ഇതിൽ ഓരോ കുട്ടിയുടെയും വിവരങ്ങൾ ചേർത്തതിനുശേഷം Save Participant എന്ന ബട്ടണിൽ ക്ലിക്കുചെയ്യുക. പ്രവേശന ഫാറത്തിൽ **പിന്നണിയായി തന്നിരിക്കുന്ന കുട്ടികളാണെങ്കിൽ അവരുടെ ഐറ്റംകോഡ് Pinnany Item Code രേഖപ്പെടുത്തുവാനുള്ള സ്ഥലത്തുമാത്രമേ എന്റർ ചെയ്യാവൂ.** Save Participant ബട്ടണിൽ ക്ലിക്കുചെയ്യുമ്പോൾ മാനുവലിന് അനുസൃതമായി മത്സരിക്കാൻ കഴിയുന്ന ഇനങ്ങളാണെങ്കിൽ അവ താഴെ ലിസ്റ്റുചെയ്യും. എന്റർ ചെയ്ത ഏതെങ്കിലും Item Code പ്രസ്തുത കുട്ടിയുടെ പേരിനുനേരെ കാണ ിക്കുന്നില്ലെങ്കിൽ കേരള സ്കൂൾ കലോത്സവ മാനുവലിന് അനുസൃതമായല്ല എൻട്രി എന്നാണ് സാരം. ഐറ്റം കോഡിനുമുകളിൽ മൗസ് പോയിന്റർ എത്തുമ്പോൾ അത് ഏത് ഇനത്തിന്റെ കോഡാണ് എന്ന് പ്രദർശിപ്പിക്കും. ഏതൊരു കുട്ടിയുടെയും വിവരങ്ങൾ എഡിറ്റുചെയ്യുന്നതിനും കുട്ടിയെ പൂർണ മായി ഡിലീറ്റ് ചെയ്യുവാനും ഉള്ള ഓപ്ഷനുകൾ പേരിനുനേരെ ലഭ്യമാണ്.



ഗ്രൂപ്പ് ഇനങ്ങളിൽ ക്യാപ്റ്റനെ നിയമിക്കുന്നതിനുള്ള സൗകര്യം ഉൾപ്പെടുത്തിയിട്ടുണ്ട്.

ഒരു വിദ്യാലയത്തിൽനിന്നും പങ്കെടുക്കുന്ന കുട്ടികളുടെ പേരും ഇനവും കാണുന്നതിനുള്ള സൗകര്യം ലഭ്യമാണ്. രജിസ്ട്രേഷൻ പൂർത്തിയാക്കിയ ശേഷം Create Report എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന റിപ്പോർട്ടാണ് സ്കൂളുകൾക്ക് പരിശോധനക്കായി നൽകേണ്ടത്. **ഹെഡ്മാസ്റ്റർ പരിശോധിച്ച് ആവശ്യമെങ്കിൽ മാറ്റം വരുത്തി തിരികെ നൽകുന്ന റിപ്പോർട്ട് പരിശോധിച്ചതിനുശേഷം മാത്രം Confirm ബട്ടണിൽ ക്ലിക്കുചെയ്യുക. ഒരു തവണ Data Entry നടത്തിയ പേജിൽനിന്നും പുറത്തുകടന്നതിനുശേഷം വീണ്ടും അതേ സ്കൂളിന്റെ കോഡ് നൽകി കയറുമ്പോൾ മാത്രമേ Confirm ബട്ടൺ ദൃശ്യമാകൂ. ഒരിക്കൽ Confirm ബട്ടൺ അമർത്തിയാൽ ആ വിദ്യാലയത്തിലെ എൻട്രിയിൽ യാതൊരുവിധ മാറ്റവും വരുത്താൻ സാധിക്കില്ല.**

## i). മാസ്റ്റർ റിപ്പോർട്ട് മെനു

### Item Code

- ഈ മെനുവിൽനിന്നും വിവിധ കലോത്സവ വിഭാഗങ്ങളുടെ ഐറ്റംകോഡ്, ഐറ്റത്തിന്റെ പേര്, വിഭാഗം തുടങ്ങിയ വിവരങ്ങൾ കാണാവുന്നതാണ്.



## iv). Download Menu

ഈ മെനുവിൽനിന്നും ഐറ്റം കോഡ്, കലോത്സവ മാനുവൽ, സർക്കുലറുകൾ, പ്രവേശനഫാറം, മത്സരഇനങ്ങളെ സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയവ ലഭ്യമാകും.




Government of Kerala

Kerala School Kalolsavam 2009 - 20

Item details for LP General

| Sl No | Item Code | Item Name | Vibhagam | Gender | Type | Participant | Event Limit |
|---|---|---|---|---|---|---|---|
| 1 | 101 | Prasangam - Malayalam | | Common | S | 1 | |
| 2 | 102 | Padyamchollal - Malayalam | | Common | S | 1 | |
| 3 | 103 | Padyamchollal - Arabic | | Common | S | 1 | |
| 4 | 104 | Chitrarachana - Pencil | | Common | S | 1 | |
| 5 | 105 | Chitrarachana - Jalachayam | | Common | S | 1 | |
| 6 | 106 | Lalitha Ganam | | Common | S | 1 | |
| 7 | 107 | Sasthreeya Sangeetham | LP General Single | Common | S | 1 | 9 |
| 8 | 108 | Mappilappattu | | Common | S | 1 | |
| 9 | 109 | Mono Act | | Common | S | 1 | |
| 10 | 110 | Nadodi Nrutham | | Common | S | 1 | |
| 11 | 111 | Katha Kathanam | | Common | S | 1 | |
| 12 | 112 | Kadam Katha | | Common | S | 1 | |
| 13 | 113 | Bharathanatyam | | Common | S | 1 | |

## v). Logout

ഓൺലൈനായി സോഫ്റ്റ്‌വെയർ പ്രവർത്തിക്കുന്നതിനാൽ ഉപയോഗശേഷം നിർബന്ധമായും Logout ചെയ്യേണ്ടതാണ്.